പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3764 11.12.2018-ലെ മറുപടിക്ക്

## മലപ്പുറത്തെ ഗതാഗത പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്. ആർ. ടി. സി മിന്നൽ സർവ്വീസിന് മലപ്പുറം ജില്ലയിൽ ഒരിടത്തും സ്റ്റോപ്പില്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (എ) | സ്റ്റോപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി സമയനിഷ്ഠ പാലിക്കുന്ന തരത്തിൽ രാത്രികാല സർവ്വീസ് എന്ന രീതിയിലാണ് മിന്നൽ സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത സർവ്വീസിന് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് ടി സർവ്വീസുകളെ അനാകർഷകമാക്കുമെന്നതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല. |
| (ബി) | കോട്ടക്കൽ-ചാലിയം ബസ് സർവ്വീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി നിലവിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നത് കോർപ്പറേഷന് ഗുണകരമായിരിക്കുകയില്ല എന്നതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. |
| (സി) | ചേളാരി വഴി തിരൂർ ഭാഗത്തേക്ക് പോവുന്ന കെ.എസ്.ആർ.ടി.സി ബസുകൾ ചേളാരി മാതാപുഴ റൂട്ട് വഴിയാക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിവേദനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തി കോർപ്പറേഷനും, യാത്രക്കാർക്കും ഗുണകരമാകുമെങ്കിൽ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ദേശീയപാതയിൽ ചേളാരി മുതൽ ഇടിമുഴിക്കൽ വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | ദേശീയപാതയിലെ ചേളാരി മുതൽ ഇടിമുഴിക്കൽ വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട നിവേദനം ലഭ്യമായിട്ടില്ല. എന്നാൽ ദേശീയപാതയിലെ ചേളാരി മുതൽ പാണമ്പ്ര വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ടുള്ള നിവേദനം മലപ്പുറം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുള്ളതും, തുടർ നടപടിക്കായി റോഡ് സുരക്ഷാ സമിതി കൺവീനറായ മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് അയച്ചുനൽകിയിട്ടുള്ളതും, പ്രസ്തുത നിവേദനത്തിൽ ജില്ലാതല റോഡ് സുരക്ഷാ സമിതിയിൽ വച്ച്, RTO, Police, തഹസീൽദാർ, പഞ്ചായത്ത് അധികാരികൾ എന്നിവരുമായി ചർച്ച ചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ദേശീയ പാത എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**